**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3755** **06-08-2021 - ൽ മറുപടിയ്ക്ക്**

**കുംഭാര സമുദായത്തിന് പ്രത്യേക സംവരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത്** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | കിർത്താഡ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുംഭാര സമുദായത്തെ പ്രത്യേക സംവരണം നൽകി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (എ) | കുംഭാരൻ സമുദായത്തെ നിലവിൽ സംസ്ഥാന ഒ.ബി.സി. പട്ടികയിൽ Residual OBC -യിൽ (Residual OBC -ക്ക് ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ 6% സംവരണവും ലാസ്റ്റ് ഗ്രേഡ് ഇതര തസ്തികകളിൽ 3% സംവരണവും ലഭിക്കുന്നു) ഉൾപ്പെടുത്തി ഉദ്യോഗ സംവരണം അനുവദിച്ചുവരുന്നു. ഈ വിഭാഗം വിദ്യാർത്ഥികളെ സംസ്ഥാന ഒ.ഇ.സി. പട്ടികയിലുൾപ്പെടുത്തി പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിന് തുല്യമായ വിദ്യാഭ്യാസാനുകൂല്യം നൽകി വരുന്നുണ്ട്. കൂടാതെ ഈ വിഭാഗം വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോളേജുകളിലും ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലും പ്രവേശനത്തിന് 1% സംവരണം അനുവദിച്ചു വരുന്നുണ്ട്. മറ്റ് കോഴ്സുകളിൽ ഒ.ബി.എച്ച് -ന്റെ കൂട്ടത്തിൽ ഉൾപ്പെടുത്തി സംവരണം അനുവദിച്ചുവരുന്നു. കുംഭാരൻ സമുദായത്തിന് പ്രത്യേക സംവരണം നൽകുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ